**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1663** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചേലക്കര കൃഷിഭവൻ പരിധിയിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ല ചേലക്കര കൃഷിഭവൻ പരിധിയിൽ 2025-ൽ അനുവദിച്ച കേരഗ്രാമം പദ്ധതി പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര കേരകർഷകരെയാണ് ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്; കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകാൻ കഴിയുന്നത്; ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) | ചേലക്കര പഞ്ചായത്തിൽ 100 ഹെക്ടറി ആണ് കേരഗ്രാമം പദ്ധതി നടപ്പിലാക്ക വരുന്നത്. കേരഗ്രാമം പദ്ധതി നടപ്പിലാക്കാ വേണ്ടി നിലവിൽ കാർഷിക വികസന സമി മീറ്റിങ്ങിൽ പദ്ധതി അവലോകന നടത്തിയിട്ടുണ്ട്. പഞ്ചായത്ത് തല/വാർഡ് ത സമിതികൾ രൂപീകരിക്കുന്നതിനുള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിലവിൽ 8 കർഷകർ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.<br><br>ടി പദ്ധതിയുടെ ആനുകൂല്യങ്ങളു വിശദാംശങ്ങൾ<br><br>**പ്രധാന സബ്സിഡി വിവരങ്ങൾ**<br><br>1) തടം തുറക്കലും വളപ്രയോഗവും : തെങ്ങി തടം തുറക്കൽ, ജൈവ- രാസവള പ്രയോ എന്നിവയ്ക്ക് മൊത്തം ചെലവിന്റെ 50 സബ്സിഡി ( ഒരു തെങ്ങിന് പരമാവധി 35 രൂപ)<br><br>2) തേങ്ങാച്ചട്ട് (തൊണ്ട്) കുഴിച്ചിടൽ: മണ്ണി ഈർപ്പം നിലനിർത്താ തൊണ്ട്കുഴിച്ചിടുന്നതിന് 50% സബ്സിഡി ഒരു തെങ്ങിന് പരമാവധി 50/- രൂപ)<br><br>3) ഇടവിള കൃഷി : തെങ്ങിൻതോപ്പുകളി ഔഷധസസ്യങ്ങൾ, വാഴ, കിഴങ്ങ് വർഗ്ഗങ്ങ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറി പരമാവധി 6000/- രൂപ<br><br>4) മണ്ണ് പരിഹാര വസ്തുക്കൾ: മണ്ണിലെ അമ്ലത കുറയ്ക്കാൻ കുമ്മായം, ഡോളമൈറ്റ് തുടങ്ങിയ ഉപയോഗിക്കുന്നതിന് 75% സബ്സിഡി (ഒ തെങ്ങിന് പരമാവധി 9/- രൂപ) |

| | | | |
|---|---|---|---|
| | | | 5) സൂക്ഷ്മ മൂലകങ്ങൾ: മഗ്നീഷ്യം സൾഫേ ഉൾപ്പെടെയുള്ള സൂക്ഷ്മ മൂലകങ്ങളു പ്രയോഗത്തിന് 50% സബ്സിഡി (ഒ തെങ്ങിന് പരമാവധി 3.75/- രൂപ)<br><br>6) രാസവളങ്ങൾ - എൻ പി ക വളങ്ങൾക്കായി 50% സബ്സിഡി ( ഒ തെങ്ങിന് പരമാവധി 20/- രൂപ)<br><br>7) ജൈവവളം – ചാണകം, കമ്പോസ് തുടങ്ങിയ ജൈവവളങ്ങൾക്കായി 50% സബ്സിഡി (ഒരു തെങ്ങിന് പരമാവധി 25. രൂപ)<br><br>8) കീടരോഗ നിയന്ത്രണം സസ്യസംരക്ഷണ രാസവസ്തുക്കൾക്ക് 50% സബ്സിഡി (ഒ തെങ്ങിന് പരമാവധി 10/- രൂപ) ജൈ കീടനാശിനികൾക്കും ജൈവ നിയന്ത്രണ ഏജന്റുകൾക്കും 50% സബ്സിഡി (ഒ തെങ്ങിന് പരമാവധി 75/- രൂപ)<br><br>9) തെങ്ങ് മുറിച്ചു മാറ്റൽ - രോഗം ബാധിച്ചതോ ഉൽപ്പാദന ക്ഷമത ഇല്ലാത്തതോ ആ തെങ്ങുകൾ മുറിച്ചു മാറ്റാൻ ഒരു തെങ്ങി 1000/- രൂപ വീതം (ഒരു ഹെക്ടറിന് പരമാവ 10,000/- രൂപ)<br><br>10) പുനർനടീൽ - മുറിച്ചു മാറ്റിയ തെങ്ങുകൾക്ക് പകരം ഗുണമേൻമയുള്ള തെങ്ങിൻ തൈക നടുന്നതിന് 50% സബ്സിഡി ( ഒരു തൈ പരമാവധി 60/- രൂപ).<br><br>11) സൂക്ഷ്മ ജലസേചനം ഉൾപ്പെടെയുള ജലസേചന ഘടകത്തിനു 50% സബ്സിഡ -പരമാവധി -Rs .25000/Ha.<br><br>12) തെങ്ങുകയറ്റ യന്ത്രം -പരമാവധി -R .2000/- - ഒരു ഹെക്ടറിന് 25 എണ്ണം<br><br>13) ജൈവവള ഉല്പാദന യൂണിറ്റ് സ്ഥാപിക്കാ -പരമാവധി -Rs .10000/- ഒരു ഹെക്ടറിന് എണ്ണം<br><br>14) പഞ്ചായത്തു തല സമിതികൾക്ക് സഹായ (സംസ്കരണം / മൂല്യവർധിത യൂണി സ്ഥാപിക്കൽ ) - 3 ലക്ഷം രൂപ |
| (ബി) | ഭൂമി തരംമാറ്റി നൽകുന്നതിനുള്ള അപേക്ഷകൾ റവന്യൂ ഓഫീസിൽ സമർപ്പിച്ചത് പ്രകാരം കൃഷി ഓഫീസറുടെ | (ബി) | പഴയന്നൂർ കൃഷി ഭവൻ ഓഫീസ് പരിധിയിൽ 331 അപേക്ഷകളാണ് ഇനിയും സ്ഥല പരിശോധന നടത്തി |

| | | | |
|---|---|---|---|
| | റിപ്പോർട്ടിനായി വന്നിട്ടുള്ള എത്ര അപേക്ഷകളാണ് തൃശ്ശൂർ ജില്ല പഴയന്നൂർ കൃഷിഭവൻ ഓഫീസ് പരിധിയിൽ ഇനിയും സ്ഥലപരിശോധന നടത്തി തീർപ്പുകൽപ്പിക്കാനുള്ളത്; ഈ അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ; | | റിപ്പോർട്ട് നൽകാനുള്ളത്. തീർപ്പാക്കാനുള്ള 331 അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ വില്ലേജ് അടിസ്ഥാനത്തിൽ സർവ്വേ നമ്പർ തിരിച്ച് സ്ഥലപരിശോധന നടത്തി വരുന്നുണ്ട്. |
| (സി) | തൃശ്ശൂർ ജില്ല ചേലക്കര നിയോജകമണ്ഡലത്തിലെ പരക്കാട് ജില്ലാ കൃഷിത്തോട്ടത്തിൽ 2012-ലെ നബാർഡ് പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കേരജൈവപാർക്ക് പ്രവൃത്തി ഏതുഘട്ടത്തിലാണ്; കെ. എൽ. ഡി. സി. ക്ക് (കേരളാ ലാൻഡ് ഡവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ്) നിർവഹണ ചുമതലയുള്ള ഈ പ്രവൃത്തിയിൽ ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (സി) | തൃശ്ശൂർ ജില്ലാ ചേലക്കര നിയോജകമണ്ഡലത്തിലെ പരക്കാട്, ജില്ലാ കൃഷിതോട്ടത്തിൽ 2012 ലെ നബാർഡ് പദ്ധതിയുടെ ഭാഗമായി നിലവിൽ കേര ജൈവ പാർക്കിന്റെ കവാടത്തിന്റെ പണിയും ഓഫീസ് കെട്ടിടത്തിന്റെ പണിയും പൂർത്തീകരിച്ചിട്ടുണ്ട്. ചേലക്കര ഫാമിലെ കേര ജൈവ പാർക്കിന്റെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർമാണ പ്രവർത്തനങ്ങളാണ് KLDCഏറ്റെടുത്തിരുന്നത്.<br><br>കൾവർട്ട്, റോഡ്നിർമ്മാണം<br><br>ഭൂവികസനപ്രവർത്തികൾ<br><br>വാട്ടർ ടാങ്ക് നിർമ്മാണം, കുളം പുനരുദ്ധാരണം<br><br>പാർശ്വ ഭിത്തി നിർമ്മാണം, ഡ്രെയിൽ നിർമ്മാണം<br><br>KLDC-യ്ക്ക് നിർവഹണ ചുമതലയുള്ള നാലു പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ